(4) കാസർകോട് ജില്ലാ ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. കുമാരൻ : XI-ാം കേരള നിയമസഭയുടെ എട്ടാമത്തെ സമ്മേളമാണ് നടക്കുന്നത്. പതിനൊന്നാം കേരള നിയമസഭയിൽ കാസർകോട് ജില്ലാ ആശുപത്രിയുടെ അവസ്ഥയെക്കുറിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയവും മൂന്നാമത്തെ സബ്മിഷനുമാണ് ഞാൻ അവതരിപ്പിക്കുന്നത്. വളരെ നിർഭാഗ്യകരമാണ്. കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന കാസർകോട് ജില്ലാ ആശുപത്രിക്കുവേണ്ടി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം കാസർകോട് ജില്ലാ പഞ്ചായത്ത് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങളൊക്കെ വികസിപ്പിച്ചിട്ടുണ്ട്. കാസർകോട് ജില്ലയിലെ എം.പി.-യുടെയും, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടേയും, എം.എൽ.എ.-മാരുടെയും പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചും, കാസർകോട് ജില്ലയിലെ വിദ്യാർത്ഥികളിൽ നിന്ന് ഓരോ രൂപ കളക്ടുചെയ്തും, കാസർകോട് ജില്ലയിലെ 13 ലക്ഷം വരുന്ന ജനങ്ങളിൽ നിന്ന് 3 കോടി രൂപ സ്വരൂപിച്ചും ആണ് ഇതിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചത്. എന്നാൽ ഇന്നേവരെ കാസർകോട് ജില്ലാ ആശുപത്രിക്കുവേണ്ട പോസ്റ്റ് ക്രിയേഷൻ നടത്താത്ത അവസ്ഥയാണുള്ളത്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ചെയർമാനായ എസ്റ്റിമേറ്റ്സ് കമ്മിറ്റി ആ ആശുപത്രി സന്ദർശിച്ചു. കമ്മിറ്റി റിപ്പോർട്ട് ചെയ്തിരിക്കുന്നത് ജില്ലാ ആശുപത്രിക്കാവശ്യമായ പോസ്റ്റ് ക്രിയേഷൻ നടത്തണമെന്നാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി എനിക്ക് രേഖാമൂലം നൽകിയ മറുപടിയിൽ പറയുന്നത് സിവിൽ സർജന്റെ 9 പോസ്റ്റുകളും, അസിസ്റ്റന്റ് സിവിൽ സർജന്റെ 7-പോസ്റ്റും—അങ്ങനെ 16 ഡോക്ടർമാരുണ്ടെന്നാണ്. ആ 16 ഡോക്ടർമാരിൽ 3 ഡോക്ടർമാർ താൽക്കാലികാടിസ്ഥാനത്തിൽ സേവനം ചെയ്യുന്നവരാണ്. എനിക്ക് അറിയാനുള്ളത് കാസർകോട് ജില്ലാ ആശുപത്രിക്കു വേണ്ടി പോസ്റ്റ് ക്രിയേഷൻ എപ്പോൾ നടത്തുമെന്നാണ്. ജൂൺ 17-ാം തീയതി അവിടെ സർവ്വകക്ഷി യോഗം വിളിച്ചുചേർത്തു. രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും എം.എൽ.എ.-മാരും അതിൽ പങ്കെടുത്തു. ആ യോഗത്തിൽവെച്ച് മന്ത്രി പറഞ്ഞിരുന്നു 'അടുത്ത മന്ത്രിസഭായോഗത്തിൽ പോസ്റ്റ് ക്രിയേഷനാവശ്യമായ നടപടി സ്വീകരിക്കും' എന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞതാണ് പോസ്റ്റ് ക്രിയേഷൻ നടത്താമെന്ന്. കാസർകോട് ജില്ലാ ആശുപത്രിക്ക് പോസ്റ്റ് ക്രിയേഷൻ നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): കാസർകോഡ് ജില്ലാ ആശുപത്രിക്ക് ചമ്മട്ടം വയലിൽ 200 കിടക്കകൾ ഇടാൻ നിർമ്മിച്ച കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി, പൊതുമരാമത്ത് വകുപ്പ്, ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ 224 കിടക്കകൾ സജ്ജീകരിക്കാനുള്ള സൗകര്യമുണ്ട്. ജില്ലാ ആശുപത്രിയിൽ 189 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. നിലവിലുള്ള 189 കിടക്കകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെ 400 കിടക്കകളുള്ള ആശുപത്രിയായി ജില്ലാആശുപത്രിയെ ഉയർത്തുന്നതിനുള്ള പ്രൊപ്പോസലാണ് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ചിട്ടുള്ളത്. ഇതനുസരിച്ച് 1 സിവിൽ സർജന്റേയും, 8 അസിസ്റ്റന്റ് സർജന്റേയും 13 ഹെഡ് നഴ്സിന്റേയും, 38 സ്റ്റാഫ് നഴ്സിന്റേയും 23 നഴ്സിംഗ് അസിസ്റ്റന്റിന്റേയും 30 ഹോസ്പ്പിറ്റൽ അസിസ്റ്റന്റിന്റേയും ഉൾപ്പെടെ മൊത്തം 134 തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള ജനറൽ വിഭാഗം, Paediatrics, ENT, Ophthalmology, Orthopaedics തുടങ്ങിയ സ്പെഷ്യാലിറ്റി യൂണിറ്റുകൾക്കു പുറമെ Medical Surgery, Gynaecology, Anaesthesia, Skin & V.D., Psychiatry, Pain & Palliative, Radiology, Oncology, I.C.C.U, I.C.U. സൗകര്യം, Physical Medicine, Chest Physician എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകളുംകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ആരോഗ്യവകുപ്പ് പ്രത്യേകം പരിശോധിച്ചുവരികയാണ്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ പ്രത്യേകമായി തുകകൾ വകയിരുത്തിയിട്ടില്ല. എന്നാൽ അഡീഷണൽ ആതറൈസേഷൻ വഴിയോ റീ-അപ്രോപ്രിയേഷൻ വഴിയോ പണം കണ്ടെത്തി ആവശ്യമായ തസ്തികകൾ അനുവദിക്കാൻ കഴിയുമോ എന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച് മിനിസ്റ്ററുടെ സാന്നിദ്ധ്യത്തിൽ 20-ാം തീയതി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(5) ചെറുകിട വ്യവസായ നയം

ശ്രീ. പി. ജെ. ജോയി: റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം പ്രോൽസാഹിപ്പിക്കുന്നത് സംബന്ധിച്ചുള്ള ഒരു ചെറുകിട വ്യവസായ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മറ്റ് വ്യവസായങ്ങളെ അപേക്ഷിച്ച് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുന്ന ഒരു മേഖലയാണ് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം. കുറച്ച് മുതൽമുടക്കും, വിദ്യുച്ഛക്തി കുറച്ച് ഉപയോഗവുമുള്ള, ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതും, പൊലൂഷനില്ലാത്തതും, വളരെ കയറ്റുമതി സാദ്ധ്യതയുള്ളതുമാണ് റെഡിമെയ്ഡ് സാധനങ്ങൾ. റവന്യൂ വരുമാനം നമ്മുടെ സംസ്ഥാനത്തിന് കാര്യമായി നേടിക്കൊടുക്കുന്ന ഒരു ഇനവുംകൂടിയാണ് ഇത്. ഈ മേഖലയിൽ വ്യവസായനയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി നടപടികൾ സ്വീകരിക്കണം. പ്രവേശന നികുതി ഏർപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ കാര്യത്തിൽ ഇടപെടണം. പ്രവേശന നികുതി ഏർപ്പെടുത്തുമ്പോൾ സ്വാഭാവികമായും ഗവണ്മെന്റിന് വരുമാനം വർദ്ധിക്കും. അങ്ങനെ വരുമ്പോൾ അത് കോമ്പൻസേറ്റ് ചെയ്യത്തക്കവിധത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും, നേതൃത്വം കൊടുക്കുന്നവർക്കും, തൊഴിലാളികൾക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകുവാൻ കഴിയും. ബന്ധപ്പെട്ട സംഘടനകളുമായി സംസാരിച്ച് ആനുകൂല്യങ്ങൾ നൽകി ഈ മേഖലയെ പ്രോൽസാഹിപ്പിക്കണം. അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

2/948/2012—13

LIBRARY ARCHIVES Kerala Legislative Assembly